(ഡി) ഇൻവസ്റ്റിഗേഷൻ, ഡിസൈൻ, കൺസ്ട്രക്ഷൻ ജോലികൾ എല്ലാം കോൺട്രാക്ടറെ ഏല്പിക്കുന്ന നടപടി പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങളെ എപ്രകാരം ബാധിക്കുമെന്ന് വെളിപ്പെടുത്തുമോ ;

(ഇ) ഈ നടപടി സ്വകാര്യവൽക്കരണം ലക്ഷ്യമാക്കിയാണെന്ന വിമർശനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ ഇക്കാര്യത്തിലുള്ള സർക്കാരിന്റെ നിലപാട് വെളിപ്പെടുത്തുമോ ?

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ):

(എ-സി) ടേൺകീ ബേസിസ് ടെൻഡർ എന്ന ഒരു നടപടിക്രമം പൊതുമരാമത്തുവകുപ്പിൽ നിലവിലില്ല.

(ഡി-എഫ്) ഇത്തരം ജോലികൾ പൊതുമരാമത്ത് വകുപ്പിന്റെ മേൽനോട്ടത്തിലാണ് നിർവ്വഹിച്ചു വരുന്നത്.

എഞ്ചിനീയറിംഗ് കോളേജുകൾക്ക് ലോക ബാങ്കിന്റെ സാമ്പത്തിക സഹായം

5 (*736) ഡോ. എ. നീലലോഹിതദാസൻ നാടാർ :
ശ്രീ. കെ. പി. മോഹനൻ :
ശ്രീ. സി. കെ. നാണു :
ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിലെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് വേർഡ് ബാങ്കിൽ നിന്ന് എന്തെങ്കിലും സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ടോ :

(ബി) എങ്കിൽ കേരളത്തിലെ ഏതെല്ലാം എഞ്ചിനീയറിംഗ് കോളേജുകൾക്കാണ് സാമ്പത്തിക സഹായം ലഭിച്ചിട്ടുള്ളത് :

(സി) കോളേജുകൾ തെരഞ്ഞെടുക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി):

(എ) ലോകബാങ്കിൽ നിന്ന് സാമ്പത്തിക വായ്പാ സഹായം ലഭ്യമാക്കിക്കൊണ്ട് സംസ്ഥാനത്തെ ഏതാനും എഞ്ചിനീയറിംഗ് കോളേജുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള ഒരു പദ്ധതിയ്ക്ക് ലോകബാങ്ക് അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം, ഐ.എച്ച്. ആർ. ഡി. യുടെ മോഡൽ എഞ്ചിനീയറിംഗ് കോളേജ്, കൊച്ചി ചെങ്ങന്നൂർ എഞ്ചിനീയറിംഗ് കോളേജ് എൽ. ബി. എസ്. കോളേജ് ഓഫ് എഞ്ചിനീയറിംഗ്,

LIBRARY ARCHIVES Kerala Legislative Assembly

കാസർഗോഡ്, കെ. എസ്. ആർ. ടി. സി.-യുടെ നിയന്ത്രണത്തിലുള്ള എസ്.സി.ടി. കോളേജ്, തിരുവനന്തപുരം, സ്വകാര്യ സ്വാശ്രയ സ്ഥാപനമായ എം. ഇ. എസ്. കോളേജ്, കുറ്റിപ്പുറം എന്നിവ ഈ പദ്ധതിയിൽപ്പെടുന്നു.

(സി) തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങൾ ഒരു സ്വയം ഭരണസ്ഥാപനം ആയിരിക്കണം. കൂടാതെ സ്ഥാപനത്തിനുവേണ്ടതായ അടിസ്ഥാന സൗകര്യങ്ങൾ, ലൈബ്രറി, ലബോറട്ടറി എന്നിവയും മെച്ചപ്പെട്ട രീതിയിൽ ഉണ്ടായിരിക്കണം. വിവിധ സൗകര്യങ്ങളും സാഹചര്യങ്ങളും വസ്തുനിഷ്ഠമായി വിലയിരുത്തിയാണ് തെരഞ്ഞെടുപ്പ് നടത്തിയത്.

എക്സ്പ്രസ് ഹൈവേയ്ക്ക് സാമ്പത്തിക സഹായം നിഷേധിക്കാൻ കാരണം

6 (*737) ശ്രീ. പി. എസ്. സുപാൽ :
ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നിർദ്ദിഷ്ട എക്സ്പ്രസ് ഹൈവേയ്ക്ക് സാമ്പത്തിക സഹായം നൽകേണ്ടതില്ലെന്ന് കേന്ദ്ര ഗവൺമെന്റ് തീരുമാനം ഉണ്ടോ ;

(ബി) ഉണ്ടെങ്കിൽ സംസ്ഥാനത്തെ ഈ സഹായത്തിൽ നിന്നും ഒഴിവാക്കാനുണ്ടായ കാരണം എന്താണെന്ന് വിശദമാക്കുമോ ;

(സി) കേന്ദ്ര സഹായം ലഭിക്കാതിരിക്കുന്ന സാഹചര്യത്തിൽ സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടികൾ വെളിപ്പെടുത്തുമോ ?

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ):

(എ-സി) കേന്ദ്ര സർക്കാരിന്റെ പക്കൽ എക്സ്പ്രസ് വേ നിർമ്മാണത്തിന് സഹായം നൽകുന്ന പദ്ധതികളൊന്നും ഇല്ല. നാം സഹായത്തിനായി കേന്ദ്ര ഗവൺമെന്റിനെ സമീപിച്ചിട്ടില്ല. നിർദ്ദിഷ്ട പദ്ധതിയുടെ ധനപരമായ ചട്ടക്കൂട് ഏത് രീതിയിലായിരിക്കണമെന്ന കാര്യം സംസ്ഥാന സർക്കാരിന്റെ പരിഗണനയിലാണിരിക്കുന്നത്.

ഇൻസ്റ്റിറ്റ്യൂഷണൽ സ്ട്രെങ്തനിംഗ് ആക്ഷൻ പ്ലാൻ

7 (*738) ശ്രീ. രാജു എബ്രഹാം :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ :
ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിൽ നടപ്പിലാക്കുന്ന ഇൻസ്റ്റിറ്റ്യൂഷണൽ സ്ട്രെങ്തനിംഗ് ആക്ഷൻ പ്ലാനിന്റെ വിശദാംശം വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly